


# Sidmag




Published By

SI Higher Secondary School Ummathur




# സിഡ് മാഗ്

ഡിജിറ്റൽ മാഗസിൻ

## ഉള്ളടക്കം


| ഉള്ളടക്കം | പേജ് |
|---|---|
| From the HM's DESK | 1 |
| Fore Word – TK Khalid | 2 |
| Message – Prof. P. Mammu Sahib | 3 |
| Message – Ahammed Punnakkal | 4 |
| Message – UC Abdul Vahid | 5 |
| എന്റെ എസ്.ഐ.എച്ച്.എസ്.എസ് | 6 |
| അന്നും ഇന്നും - അഫ്ന ഷെറിൻ | 7 |
| Life Battle – Hiba fathima | 8-9 |
| School Life – Mehjabin | 10 |
| 8 സി. ക്ലാസ്സിലൂടെ.... | 11 |
| Days of 9B | 12 |
| 10.സി. യുടെ ഈ വർഷം | 13 |
| അമ്മ - സാലിമ. കെ. | 14 |
| ബാല്യം - നസൈഫ .ടി | 15 |
| Precious Diamond | 16 |
| I have a dream | 17 |
| Immorality | 18 |
| INDIA – Sooraj BS | 19 |
| കടത്തിന്റെ സ്നേഹക്കെണി - ദയ സുരേഷ | 20 |
| കറുപ്പിന്റെ കാക്കി - മുഹമ്മദ് ജവാദ് | 21 |
| മാതൃത്വം - ഫാത്തിമ ഷബ്ന | 22 |
| ഗ്രാമം - ഷൗക്കത്തലി | 23 |
| Mother a Candle – Risana PK | 24 |
| പദപ്രശ്നം | 25 |
| പൂമ്പാറ്റ - അഷിന എം.കെ. | 26 |
| Tears of a Girl – Nazrin | 27 |
| വര - അനയ് കൃഷ്ണ | 27 |
| What's make a Dad | 28 |
| കായികം | 29 |
| വായനയെക്കുറിച്ച് അവർ | 30 |
| മാമ്പഴം - ഉദയ്.കെ.കെ | 31 |
| ഞങ്ങളുടെ 8.ഡി ക്ലാസ്സ് | 32-33 |
| എസ്.പി.സി. | 34-35 |
| സ്കൗട്സ് & ഗൈഡ്സ് | 36 |
| നിലൂഫർ - അറബി ക്ലബ്ബ് | 37 |
| Kite Members | 38 |
| സിഡ് മാഗ് - പ്രകാശനം | 39 |
| 8H ക്ലാസ്സ് റിപ്പോർട്ട് | 40 |
| ആട്ടക്കഥ - ശ്രീ ലക്ഷ്മി | 41 |
| Save Water – Adithyan CTK | 42 |
| ഓർമ്മകളിലൂടെ | 43 |
| നന്ദി പൂർവ്വം - വി.പി.ഷീബ | 44 |

**FROM THE HM'S DESK**



**KK Usman**
Headmaster
SIHSS Ummathur

The publishing of a Digital Magazine under Little Kites of SIHSS unit is new venture in it's kinds. Our students are trying to reach at the zenith of it's glory by utilising the maximum opportunities of Information Technology.

I am extremely sanguine that SIHSS has offered itself as a shell for sheltering & fostering students minds in their raw state to be matured into empowered state. The school in the past years has unlocked the store house of knowledge and creativity and set buoyant human spirit ever eroding and co-curricular activities.

The wheel of excellence and continual progress has been steered with values & conventions as its  quality education, constant improvement in infrastructure, educational technology, teaching and learning processes as its spokes to fortify innumerable efforts to set the wheel on its track.

As it is their first venture to publish a Digital Magazine called as "SIDMAG", the errors and omissions may occur. I think the kind readers may put up with all such casual sins.


Let shower all blessings and wishes on my kids and fellow teachers, It's Master TK Khalid and Mistress VP Sheeba. They have unlocked maximum of their IT treasures.

All the best and thank you all






## FORE WORD



**Khalid Taikkandiyil**
Kite Master
SIHSS Ummathur
Mob: 9447639254

**Welcome** to the inaugural issue of
Little  Kite's Digital Magazine 'SIDMAG'
a complete e-publication of a new kind.
The mates of SIHSS's Little Kites has tried
to unlock the maximum of their treasures from
Information Technology.

In future the SIDMAG will be covering all the pulses and heart beatings of the SIHSS campus in and out.

Word processing, video shooting, graphics & animation and  Malayalam computing etc came as easy to them through training obtained from Kite's routine classes and special camps.

This issue includes several crafts of the SIHSS students and  teachers. I would like to thank all pupils who created the opportunity for the journal to be born and who made it happen. Also let me thanks it's Mastress VP Sheeba for her dedication and enthusiasm for it's creation.
Also we are obliged to our Hon HM KK Usman Sir, managing committee and PTA for their relentless supprots.

Also it is underlined that you are free to notify any errors occurred here.

With thanks and regards......

TK Khalid
Kite Master

Ummathur
18/01/2019



# Message

**Prof.P Mammu Sahib**
Manager
SI Higher Secondary School
Ummathur

## S.I.A COLLEGE AND ACADEMY COMMITTEE UMMATHUR

Registered Under Registration Act of Govt. of India R.No.45/1974
P.O. Parakkadavu, Nadapuram , Kozhikode Dist, Pin. 673509, Kerala, India
Tel: 0496 2572105, Email: saqafathummathur@gmail.com

President
**Sayed Muhammed Makhdhoom**

General Secretary
**Prof. P. Mammu**

**Our Institution**

S.I.Arabic College
(Affiliated to University of Calicut)

S.I.Women's College of Arts and Science
(Affiliated to University of Calicut)

S.I.Higher Secondary School
(Aided)

S.I.A College Higher Secondary School
(unaided)

M.L.P.School (Aided)

S.I.Public School

N.I.Higher Secondary Madrassa

Shareath College

Masjid Ansar

ഉമ്മത്തൂർ എസ്.ഐ.ഹയർ സെക്കണ്ടറി സ്കൂൾ Little Kites ഐ.ടി.ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ വളരെ അധികം സന്തോഷമുണ്ട്.

വിവര സാങ്കേതിക വിദ്യാ രംഗത്ത് കൊച്ചു കുട്ടികൾക്ക് ഏറ്റവും നൂതനമായ പരിജ്ഞാനം ലഭ്യമാക്കുന്ന Little Kites ന്റെ ഈ ഉദ്യമം എന്ത് കൊണ്ടും ശ്ലാഘനീയമാണ്.

അറിവിന്റെ ഏറ്റവും പുതിയ വാതായനങ്ങൾ തുറക്കാൻ ഇതു വഴി കുട്ടികൾക്ക് കഴിയട്ടേ എന്നാശംസിക്കുന്നു.

ഉമ്മത്തൂർ
18/01/2019

SIA College & Academy Committee Ummathur
P.O. Parakkadavu PIN 673509

Prof. P. Mammu
**Secretary**
S.I.A. College and Academy Committee
Ummathur, P.O. Parakkadavu
673509, Calicut Dist, Kerala - India



**അഹമ്മദ് പുന്നക്കൽ**
മെമ്പർ
കോഴിക്കോട് ജില്ലാ പഞ്ചായത്ത്
Mob: 9447172001

ഉമ്മത്തൂർ എസ്.ഐ.ഹയർ സെക്കണ്ടറി സ്കൂൾ യൂനിറ്റ് 'Little Kites' ലെ കൂട്ടുകാർ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വിവര സാങ്കേതിക വിദ്യാ രംഗത്ത് കുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഈ ടകുട്ടി കൂട്ടുകാരുടെ' ഈ പുതിയ ദൗത്യം എന്ത് കൊണ്ടും അഭിനന്ദനാർഹമാണ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവരങ്ങളുടെ കൈമാറ്റം, സംസ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിശാലമായ മേഖലകൾ ഇതു വഴി നമ്മുടെ കൂട്ടുകാർ കീഴടക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വിവര സാങ്കേതിക വിനിമയത്തിലധിഷ്ഠിതമായി ശാക്തീകരിക്കപ്പെടുന്ന ജനത രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥക്ക് മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ആധുനിക വ്യവസായങ്ങളുടെ വികസനത്തിന് മാത്രമല്ല, രാജ്യത്തിന്റെ പൊതുവായ ക്ഷേമത്തിനും ഡിജിറ്റൽ സാങ്കേതിക വിദ്യ അനിവാര്യമാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽക്കാണ്, രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നായി വിവര വിനിമയ സാങ്കേതിക വിദ്യ മാറിയത്.

'SIDMAG' എന്ന പേരിൽ പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ വിജയങ്ങളും ആശംസിക്കുന്നു. ഇതിന്റെ അണിയറ ശിൽപ്പികളായ കുട്ടികളെയും അവർക്ക് മാർഗ്ഗ ദർശനം നൽകുന്ന അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം

Ahammed Punnakkal
S/d

Ummathur
18/01/2019



ഡിജ്ജിറ്റൽ മാഗസിൻ പ്രസാദക രംഗത്തേക്ക് ഉമ്മത്തൂർ S I H S S ലെ ലിറ്റിൽകൈറ്റ്സ് ജാലകം തുറക്കുകയാണ്. മാലിന്യമുക്തമായ പക്ഷപാതരഹിതമായ സർഗാത്മകതയുടെ താളുകൾ ഈ വായനക്ക് ഒരു മുതൽക്കൂട്ടായിമാറും. ക്രിയാത്മകതയുടെ ദൃശ്യലോകത്തിലേക്കുള്ള ചുവടുവെപ്പിന് എല്ലാപിന്തുണയും ആശംസകളും നേരുന്നു.

എന്ന്
അബ്ദുൾ വാഹിദ് മാസ്റ്റർ
സീനിയർ അസിസ്റ്റന്റ്

ഉമ്മത്തൂർ
18/01/2019

# എന്റെ
# എസ്.ഐ.എച്ച്.എസ്.എസ്




കുറുവന്തേരി യു.പി സ്കൂളിൽ നിന്ന് ഏഴാം ക്ലാസിൽ നിന്ന് എട്ടാം ക്ലാസിലേക്ക് ഇമ്മത്തൂർ എസ്.ഐ ഹയർസെക്കന്ററി സ്കൂളിലേക്കെത്തി ഇങ്ങനെയൊക്കെ മാറ്റമുണ്ടായി എന്ന പറഞ്ഞാൽ മുൻപേ പഠിച്ച വിദ്യാലയങ്ങളിലെ അധ്യാപകർക്ക് അഭിനവോ......? എന്ന പറഞ്ഞ് അൽഭുതപ്പെടാനല്ലാതെ മറ്റൊന്നിനും കഴിയില്ല. ഇത് സത്യമാണ്.കാരണം ഇതു വരെ സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി മാത്രം പ്രയത്നിക്കാൻ പഠിച്ച എന്നെ എങ്ങനെ ചിന്തിക്കണം,
എങ്ങനെ പ്രയത്നിക്കണം, എങ്ങനെ മറ്റുള്ളവരുടെ ക്ഷേമത്തിന് വേണ്ടി പ്രയത്നിക്കണം.... എന്നൊക്കെ പഠിപ്പിച്ചതിൽ മുഖ്യപങ്കം വഹിച്ചത് എന്റെ സ്വന്തം വിദ്യാലയമായ ഇവിടമാണ്' അതിൽ ഒരു വലിയ പങ്ക് വഹിച്ചത് അധ്യാപകരും

അതുപോലെ തന്നെ എന്നെ സ്വാധീനിച്ച ഒന്നാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്. വിദ്യാലയത്തിന്റെ നാല് ചുവരുകൾക്കും പുറത്ത് ജില്ലയ്ക്ക് തന്നെ ഒരു സംഭാവന കൊടുക്കാൻ എന്നെ വളർത്തിയെടുത്തതും ഇത് തന്നെയാണ്. പത്താം ക്ലാസിൽ നിന്ന് സ്കൂൾ ലീഡറായി തെരഞ്ഞെടുക്കപ്പെട്ടതോടെ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ഒരു വലിയ പങ്ക് വഹിക്കാൻ കഴിഞ്ഞു.അതിൽ ഏറ്റവും സ്നേഹത്തോടെ ഓരോ ക്ലാസ് ലീഡർമാരും എന്റെ കൂടെ ഒരു പക്ഷെ എന്നെക്കാളുപരി പ്രയത്നിച്ചു.

സ്കൂൾ പാർലമെന്റ് മീറ്റിങ്ങ് വിളിച്ച് കൂട്ടി സ്കൂളിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ഞങ്ങൾ തന്നെ പ്രവർത്തനങ്ങൾ പലതും നടപ്പിലാക്കി. ഞങ്ങൾക്ക് അനുകൂലമായി സ്കൂളും സ്കൂൾ മാനേജ്മെന്റും അധ്യാപകരും കൂടുതൽ പിന്തുണ തന്ന് ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. സ്വയം മാറാനും, മാറിച്ചിന്തിക്കാനും, മാറ്റങ്ങൾ പ്രാവർത്തികമാക്കാനും എന്നെ പഠിപ്പിച്ച എന്റെ വിദ്യാലയത്തിന് ഒരു താങ്ങും തണലുമായി എന്നും ഞങ്ങൾ ഉണ്ടാവും.

അഭിനവ്.ബി.കെ
സ്കൂൾ ലീഡർ

# അന്നും ഇന്നും



അന്നും ഇന്നും എന്നത് എഴുതുമ്പോഴും വായിക്കുമ്പോഴും രണ്ട് അക്ഷരങ്ങളുടെ വ്യത്യാസമാണ്.എന്നാൽചിന്തിക്കുമ്പോൾ അത് രണ്ട് കാലഘട്ടങ്ങളുടെ വ്യത്യാസമാണ്. ആധുനിക കാലവും നമ്മുടെ പൂർവികന്മാരുടെ കാലവും താരതമ്യം ചെയ്താൽ നമ്മുടെ കാലം പുതിയ ടെക്നോളജികളുടെ കാലമാണ്.

നമ്മൾ നമ്മുടെ മുതുമുത്തച്ഛൻമാരുടെ ജീവിതത്തെപ്പറ്റി കഥകളിലൂടെ കേട്ടിട്ടുണ്ട്. നമുക്ക് ഇന്ന് അത് ചിന്തിക്കാൻ പോലും പ്രയാസമാണ്.കാരണം അന്ന് അവർക്ക് പരസ്പരം ബന്ധപ്പെടാനുള്ള ഏകവഴി കത്തുകളായിരുന്നു.എന്നാൽ മറുപടി ലഭിക്കാൻ ആഴ്ചകൾ വേണ്ടിവരും.പിന്നീട് കുറേ കാലത്തിന് ശേഷം ടെലിഫോൺ വന്നു. അതാണെങ്കിൽ കഷ്ടിച്ച് ഒന്നോ രണ്ടോ വീടുകളിൽ മാത്രം.മറിച്ച് ഇന്ന് എത്ര അകലെയാണെങ്കിലും നമുക്ക് ഒരു സെക്കന്റിനുള്ളിൽ അവരുമായി ബന്ധപ്പെടാൻ കഴിയും.





എല്ലാ സ്മാർട്ട്ഫോണും കംപ്യൂട്ടറും വഴി.പണ്ട് ആളുകൾ വിനോദത്തിനും വാർത്തകൾ അറിയാനും ഉപയോഗിച്ചത് റേഡിയോ ആയിരുന്നു.പിന്നീട് വർഷങ്ങൾക്ക് ശേഷം ചില വീടുകളിൽ ടെലിവിഷൻ വന്നു.പിന്നെ അവരുടെ വിനോദം അതിലൂടെയായി. എന്നാൽ നമ്മൾക്ക് എല്ലാ വാർത്തകളും ഉടനടി വാട്സാപ്പ്,ഫെയ്സ്ബുക്ക് പോലെയുള്ള ആപ്പുകളിലൂടെ നമ്മുടെ സ്മാർട്ട്ഫോണിലെത്തും. ഇന്നത്തെ പഠനവും എന്തിന് ഷോപ്പിംങ് വരെ ഓൺലൈൻ വഴിയാണ്. ഇന്ന് ഈ ലോകം തന്നെ മനുഷ്യന്റെ വിരൽതുമ്പിലാണ്. എന്തുകൊണ്ടും അദ്ഭുതത്തിന്റെ കാലം.

**Afna Sherin.O.P**

**IX. A**



# Life a battle

*I go behind everything*
*that  meets my foolish eyes*
*all aroma seems joyer then honey*
*when I choose a path for money*

*It storms my stream is not better.*
*I should  bend and let  it go outer*
*I felt something must go wrong*
*whole my like plan*

*An hourglance or race as fast as it can*
*and I shape in to gods plan*
*a bubble on water happiness*
*only may hope in long darkness*

*youth I colours sprinkle in spring*
*when all my disordes bring*
*joy cant bloom no other thoughts*
*to tuned by buzzle and buzzles*

*alas a knock in my door*
*a mysterius sound of horses*
*I am on the verge of death '*
*times to take cant breath*

*Hibafathima 9A*



N.C.C.

[illegible]

# SCHOOL LIFE

SCHOOL LIFE,NEVER FORGET.

MEMORABLE MOMENTS-

PASSED THROUGH ME

LIKE A BUTTERFLY,

WE ARE FLYING WITH THE SUPPORT OF WINGS.

FRIENDSHIP,LIKE A FLOWING STREAM,


FLOWING WITH SUPPORTS,LOVE,

CARE,LOT OF SAD & HAPPY MOMENTS

WE ARE GETTING KNOWLEDGE,

LIKE A BABY BIRD GETTING FOOD FROM ITS MOTHER.

**MEHJABIN PUNNAKKAL**



# 8 സി. ക്ലാസ്സിലൂടെ......




8C ന്റെ ആദ്യ പ്രോഗ്രാം ലൈബ്രറി ഉദ്ഘാടനമാണ്. അത് എല്ലാവർക്കും വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. വാണിമേൽ സ്കൂളിലെ അധ്യാപികനായ റഷീദ് കോടിയൂറയാണ് ഉദ്ഘാടനം ചെയ്യ്തത്. അന്ന് കേക്ക് മുറിക്കുകയും കുറച്ച് കുട്ടികൾ പ്രസംഗിക്കുകയും ചെയ്യ്തിരുന്നു. ആ ദിവസം എല്ലാവരും വളരെ സന്തോഷവാൻമാരായിരുന്നു. പിന്നീട് നടന്നത് ശിശുദിന പരിപാടിയാണ് . അന്ന് പാട്ടൊക്കെ പാടിയിരുന്നു .

എല്ലാ മാസങ്ങളിലും ക്ലാസ് സഭ നടന്നിരുന്നു. ഓരോരോ മന്ത്രിമാർക്കിടയിൽ ഓരോരോ തീരുമാനങ്ങൾ എടുത്തു. ഹെൽത്ത് മിനിസ്റ്ററിന്റെ നേതൃത്വത്തിൽ നല്ല തീരുമാനങ്ങൾ ഉണ്ടായി. പിന്നെ ഞങ്ങൾ ന്യൂയർ ആഘോഷിച്ചു. എല്ലാവരും നല്ല പലഹാരങ്ങൾ കൊണ്ടുവന്നു . ഞങ്ങൾ എല്ലാവരും അതിൽ സന്തോഷപൂർവ്വം പങ്കെടുത്തു. ജനുവരി 13 ന് പാലിയേറ്റീവ് ദിനത്തോടനുബന്ധിച്ച് പുളിയാവ് നാഷണൽ കോളേജ് വിദ്യാർത്ഥികൾ ഞങ്ങളുടെ ക്ലാസ്സിൽ വന്ന് ക്ലാസ്സെടുത്തു . ഒഴിവ് പിരീഡുകളിൽ സർഗവേള നടത്തിയിരുന്നു.





......**Team 8C**

# Days of 9B

We are 9B students.24boys and 18girls are in our class.our class teacher is Safeera teacher.We conducted class sabha meeting at four times.Then we organized a class assembly in our school under the auspices of our class sabha. Our class leader Muhammad Sharik welcomed for this assembly.Our Education Minister Fathima Fidha presided over this function.Our speaker Zayi Sulthan presented Pledge . Home minister Shabin Rishana presented a short speech on " The Importance of Digital Class Room ". Our class librarian Fidha Fathima extended Thought of the Day . Head master K.K Udman master felicitated for our assembly.Zahar Fathima presented vote of thanks.

Then we conducted a"Talk Show" related with our Second Unit "Nobility Of Service". Our Topic is "Should a Public Worker Accept Gifts" Fathima Fidha acted as host.Main guests are Mister Muhammad Yaqoob and Shamnas Musthafa-the social workers , Mister Thameem -a public servant, Nasmiya _our MLA and Shbin Rishana -a politician. We performed well and got good feedback from all teachers.

Then we organized Class PTA meeting at three times .

In the first meeting we discussed about class library with our parents. Most of the parents were ready to sponsor a fund for our class library. Then the second meetings we discussed about second mid term examination.Neja Fathima and Shabin Rishana won first and second prize.In our third PTA parents teachers evaluated second Terminal examination.Our class PTA members R.P Hassan ,T.K Ismail , Riyas Chathan Kandyil and Shareefa teacher distributed the prizes.Anoop sir, Shameer sir and Aboo Backer sir felicitated.

**Class library inaguration**

We organized an inauguration function of our class library.Class librarian Fidha Fathima .k welcomed for this function.Zayid Sulthan presided over .T.K Khalid Master inaugurated our class library . He suggested that we should use our class library effectively and required to read and enjoy . Aslam master , Shameer master, Ashkar Master Sajila miss , Ranjini miss ,P Ashraf sir, Jameela miss and shameema miss ,etc participated .They felicitated for this function . School Librarian E.Shameer sir handed over the book to our class librarian.All of us are were happy that day.

With best regards.... **Team 9B**



# പത്ത് .സി.യുടെ ഈ വർഷം

2018-19 ൽ 10 c ക്ലാസിൽ നടന്ന പ്രവർത്തനങ്ങൾ . ഇരുപത് പെൺകുട്ടികളും മുപ്പത് ആൺകുട്ടികളുമായി ആകെ അൻപത് കുട്ടികളാണ് 10 സി ക്ലാസിൽ ഉള്ളത് ക്ലാസ് അധ്യാപകൻ എ ൻ കെ കുഞ്ഞബ്ദുള്ള മാസ്റ്ററാണ് . ക്ലാസ് ലീഡർ സ്ഥാനത്തേക്കുള്ള മത്സരത്തിൽ അർജ്ജുൻ വിനോദാണ് വിജയിച്ചത് . അതിൻ മുമ്പ് അഭിജിത്ത് ,നവിൻകൃഷ്ണ എന്നിവരും ലീഡർ സ്ഥാനം വഹിച്ചിട്ടുണ്ട്. അധ്യാന വർഷത്തിന്റെ തുടക്കത്തിൽ തന്നെ ക്ലാസ്സ് പി .ടി. എ വിളിച്ച ചേർത്തിരുന്നു. അധ്യാപകരും രക്ഷിതാക്കളും പരസ്പരം പരിജയപ്പെടുക എന്നതായിരുന്നു ലക്ഷ്യം. തുടർന്ന് യൂണിറ്റ് ടെസ്റ്റ് മാർക്ക് വിലയിരുത്താൻ വേണ്ടി നടത്തിയ മീറ്റിംഗിൽ 45/50 രക്ഷിതാക്കളും പങ്കെടുത്തു. രക്ഷാകർതൃപങ്കാളിത്തവും താൽപര്യവും പരിഗണിച്ച് എച് എം ന്റെ പ്രത്യേക അഭിനന്ദനം 10 സിക്ക് ലഭിചിട്ടുണ്ട് . പിന്നീട് ജനാധിപത്യവേദി ചേർന്ന് ക്ലാസിലെ പ്രശ്നങ്ങൾ ചർച ചെയ്ത് പരിഹരിച്ചിട്ടുണ്ട് . ക്ലാസ് ലൈബ്രറി ഒരുക്കുന്നതിൽ എല്ലാവരും സഹകരിച്ചു . മറ്റുക്ലാസുകളിൽ ലൈബ്രറി സ്പോൺസർമാരായിരുന്നു ചെയ്തതെങ്കിൽ 10 സിയിൽ കുട്ടികൾ തന്നെ പിരിവെടുത്ത് തയ്യാറാക്കി . വായിച്ച പുസ്തകങ്ങൾ കുറിപ്പെഴുതി പുസ്തക രൂപത്തിലാക്കി പ്രസിദ്ദീകരിച്ചു . ബഷീർ കൃതികൾ പരിചയപ്പെടൽ ബഷീർ എന്ന എഴുത്തുകാരനെ പരിചയപ്പെടൽ എന്നിവ നടത്തി . വയനാദിനത്തോടനുബന്ധിച്ച് നടന്ന ക്വിസ്സ് മത്സരത്തിൽ പങ്കെടുത്തവർക്ക് പ്രത്യേക സമ്മാനം നൽകി .

ഞങ്ങളുടെ ഏറ്റവും വലിയ ഓർമ ഷമ്മാസ് വി പിക്ക് ലഭിച്ച ആദരവാണ് . കൊച്ചുകുട്ടി പുഴയിലൂടെ മരണക്കയത്തിലേക്ക് ഒഴുകിപ്പോകുന്നത് കണ്ടപ്പോൾ സ്വജീവൻ തൃണമൽഗണിച്ച് പുഴയിലേക്ക് എടുത്തുച്ചാടി അവനെ രക്ഷിച്ചു നിരവധി ആഭരണങ്ങൾ ഏറ്റുവാങ്ങിയെങ്കിൽ ഷമ്മാസിനെ ആദ്യമായി സ്കൂളിൽ നിന്ന് ആദരിച്ചത് 10 സി ക്ലാസ്സായിരുന്നു. രണ്ടാം പാദവാർഷിക പരീക്ഷാഫലം വന്നതോടെ കുട്ടികളുടെ പഠനനിലവാരം കുറച്ചുകൂടി മെച്ചപ്പെട്ടതായി അധ്യാപകർ അഭിപ്രായപ്പെട്ടു. ശരാശരി പഠനക്കാരാണെങ്കിലും തികഞ്ഞ അച്ചടക്കത്തോടെ അടുക്കും ചിട്ടയും പാലിച്ച് പഠനപ്രവർത്തനത്തിൽ മുന്നേറാൻ 10 സി ക്ലാസ്സിൻ കഴിഞ്ഞിട്ടുണ്ട് . കാര്യമായഅച്ചട പ്രശ്ന്ങ്ങളൊന്നും ഞങ്ങളുടെ ക്ലാസ്സിൽ ഉണ്ടാകാറില്ല. യൂണിഫോം കൃത്യമായിധരിക്കൽ , ഉച്ച ഭക്ഷണം സ്കൂളിൽ നിന്ന് തന്നെ കഴിക്കൽ , സ്പെഷൽക്ലാസ്സ് , ശനിയാഴ്ച്ച ക്ലാസ്സുകൾ എന്നിവയിൽ കൃത്യമായി എത്തിച്ചേരൽ എന്നിവയെല്ലാം ശരിയായി നടക്കുന്നുണ്ട് .

രാൾ ഒരു സൃഷ്ടി  എന്നതരത്തിൽ എല്ലാ കുട്ടികളെ കൊണ്ടും ക്ലാസ്സ് ടീച്ചർ രചനകൾ എഴുതിവാങ്ങിച്ചിട്ടുണ്ട്  . അത് ഉടൻ മാസികയാക്കി പ്രസിദ്ധീകരിക്കും. മേളകളിൽ ശബ്ജില്ലാ തലം വരെ പങ്കെടുത്ത കുട്ടികൾ ഉണ്ട്. കൊക്കൊ , ക്രിക്കറ്റ് , ബോൾബാസ്കിന്റെൽ എന്നിവയിൽ ജില്ലാതലത്തിൽ പങ്കെടുത്തിട്ടുണ്ട് . വടകര ജില്ലാ ഗാന്ധി ദർഷൻ സമിതി നടത്തിയ ക്യാമ്പിൽ അർജ്ജുൻ വിനോദ് പങ്കെടുത്തു

**ടീം 10.സി**



# അമ്മ

*ജീവിതത്തിൻ പാതയിൽ എനിക്കായി അശ്രുപൊഴിച്ച്*
*എൻ പാദസ്വരകിലുക്കെം മധുരാലാപം പോൽനുകർന്ന്*
*ഒരു ചെറുപുഞ്ചിരിയിൽ എനിക്കായി ഹൃദയം പകുത്തേകിയ*
*നൻമതൻ തണൽ വരമാണെൻ അമ്മ*



*എൻ മുഖത്തുദയം കാണുനാൻ എനിക്കായി*
*നൊമ്പരങ്ങൾ മുത്തുചിപ്പിയായി സൂക്ഷിച്ച*
*അമ്മയെന്നാ നലിയൊരാ കടലോരം*
*എന്നുമെന്നിൽ ആനന്ദ അശ്രുവായി*
*അലതല്ലുന്നു*
*കവിതയായി കഥകളായി മാറിയ അമ്മതൻ*
*പവിഴമാം മൊഴിമുത്തുകൾ എന്നുമെൻ*
*മനസ്സിന്റെ അകത്തട്ടിൽ ഒരു*
*ചെറുദീപമായി അണയാതെ ജ്വലിക്കുന്നു*

*മഴനനഞ്ഞു  കഥമിനഞ്ഞെത്തുന്ന കുറുമ്പുനിറഞ്ഞെൻ*
*ബാല്യത്തെ മുതുകരങ്ങളാൽ തലോടിയ*
*എൻ  കുറുമ്പുകളിലലിയുന്ന മഹാസാഗരമാണെൻ അമ്മ*
*അമ്മതൻ താരാട്ടിലുറങ്ങിയ എൻ ബാല്യവും*
*അമ്മതൻ ചിറകിലൊളിച്ച എൻ കുറുമ്പുകളും*
*അമ്മതൻ പുഞ്ചിരിയിൽ ഒതുങ്ങിയ എൻ വാശിയും*
*എന്നുമെൻ മിഴികൾ നിറയ്ക്കുന്നു*

*സുഖത്തിലും ദുഃഖത്തിലും എനിക്കായി*
*താങ്ങും തണലുമായി ഒരുകെടാവിളക്കായി*
*എനിക്കായി സ്വയം ദീപമായി പ്രകാശിച്ച*
*എന്നെ മാറോടണച്ച ണഹാകാവ്യമാണെൻ അമ്മ*
*കണ്ണീരുമായി ഒന്നുമില്ലാതെ പിറന്ന എന്നെ വാരിപ്പുണർന്ന്*
*കടലോളം സ്നേഹം  എനിക്കായേകിയ*
*എൻ മിഴികൾ തോർത്തി എനിക്കായി ആനന്ദത്തിനമൃതമേകിയ*
*ദൈവമെനിക്കായേകിയ സുകൃതമാണെൻ അമ്മ*

~~~~ **സാലിമ.കെ - 9A** ~~~~
~~~~

# ബാല്യം

എന്നുമെൻ ഹൃദയതീനാമ്പുകളിൽ

ഓർക്കുന്നു ഞാനുമെൻ ബാല്യം.

വിരഹത്തിന്റെ മഞ്ഞുമലകളാൽ

എന്നിൽ നിന്നടർത്തി മാറ്റിയ

ആ മഹാസാഗരം എന്തായിരുന്നു

അമ്മിഞ്ഞപ്പാലിന്റെ ഗന്ധം വിട്ടുമാറാത്ത

എൻ ചുട്ടുചുണ്ടുകൾക്കന്ന് പറയാനുള്ളത്


അമ്മയെന്നുള്ള രണ്ടക്ഷരം മാത്രമായിരുന്നല്ലോ

അല്ലയോ ദൈവമേ തിരിച്ചുനൽകിയാലും

എൻ ബാല്യകാലത്തേ......


**NUSAIFA T**

**9TH A**




# ***Precious Diamond***

*She is the star fallen from the sky.*

*With so many drops of love*

*when she touch me,*

*I feel the river of love is flowing through my heart*

*And she is the ink of my pet*

*Pupil of my eye,cream in my biscuit*

*And the heroin in my fairy*

*The curl of my lip searching for her cheeks.*

*Moreover she mean a lot to me*

*My better half,My world*

*And she is my mother phenomenally*

*MUHAMMED NIYAS KK*
*9TH G*

# I have a dream



I have a dream,
a dream to find ant the hidden histories of man kind
there are many . I 'd love to find out these riddles of life
a dream to have in the present cause well all are
either busy with out thoughts or regretting our past.
a dream to kill the evils of the Universe
they do no good to mankind ,except for the
Coustant honour they spread
Every one have  a dream to fulfill a dream to
possible a dream to live.




**To the world,to the whole living beings**
**I ask you what is immorality?**
**Was is to live forever or to exist forever?**

**I tell you my friend there is no use in living forever**
**without gain,without love,without success**
**Nothing is constant in this whole world**
**We live,We die so do other.**

**It is the time we spend to spread love,**
**kindness and service.**
**Everything live permanent but we still live like we are**
**so my friend,living doesn't give pain.**
**But dying does.**
**Nothing in the world is permanent except one**
**actions of kindness.**



INDIA




FREEDOM IN MIND
FAITH IN WORDS
PRIDE IN OUR HEART
MEMORIES IN OUR SOULS
LETS SALUTE THE NATION ON




Sooraj BS
9C

“ നിങ്ങളൊരാളോട് അയാൾക്ക് മനസ്സിലാവുന്നൊരു ഭാഷയിൽ സംസാരിച്ചാൽ അത് അയാളുടെ തലയ്ക്കുള്ളിലെത്തും. എന്നാൽ നിങ്ങൾ അയാളോട് അയാളുടെ തന്നെ ഭാഷയിൽ സംസാരിച്ചാലോ, അയാളുടെ ഹൃദയത്തിലേക്കാണതെത്തുക.”

-നെൽസൺ മണ്ടേല.

# കടത്തിന്റെ സ്നേഹക്കെണി

ആദ്യം ചൊല്ലിപ്പഠിച്ച വാക്ക്
ആദ്യം അറിഞ്ഞ വാത്സല്യം
ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും
എന്നെ നയിച്ച ദീപം
"അമ്മ"

ഈ ചെറുഗോളത്തിന്റ
കറങ്ങലിന്
എനിക്കുവേണ്ടി തുടിക്കുന്ന
ഹൃദയമിടിപ്പുകൊണ്ട്
"അമ്മ"

ഇനിയൊരിക്കലും
വീട്ടിത്തീർക്കാനാവാത്ത
വലിയൊരു കടത്തിന്റെ
സ്നേഹക്കെണി

ദയസുരേഷ്

9.D

# കറുപ്പിന്റെ കാക്കി

മേലാധകാരിയോടുള്ള ദേഷ്യം തീർക്കാൻ അയാൾ ലോക്കപ്പിലേക്ക് ഓടിച്ചെന്നു. കനത്ത ബൂട്ടുകളാൽ അയാൾ അവിടെക്കണ്ട ഏതോ ഒരു പ്രതിയുടെമേൽ താണ്ഡവമാടി. മെലിഞ്ഞൊട്ടിയ വയറിൽ നിന്ന് നിരപരാധിത്വം നിറഞ്ഞ ഒരിറ്റു രക്തം വായിലൂടെ അയാളുടെ 'തൊപ്പി'യിലേക്ക് തെറിച്ചു. നിലവിളികേട്ട് ഓടിയെത്തിയ കോൺസ്റ്റബിൾ പ്രതിയെ നോക്കി നിർവികാരനായി പറഞ്ഞു. "സാർ, ആള് പോയി".

അയാൾ തെല്ലും കൂസാതെ ശവത്തെ അടക്കാൻ കോൺസ്റ്റബിളിന് നിർദ്ദേശം നൽകിയ ശേഷം, ഫയലുകൾക്കിടയിൽ നിന്നും പൊടിപിടിച്ച പ്രതിയുടെ ചിത്രം വെള്ളക്കടലാസിൽ പതിച്ച് മുകളിൽ ചുവന്നക്ഷരത്തിൽ എഴുതി "ലുക്ക് ഔട്ട് നോട്ടീസ്".

കടലാസിൽ മുഴുത്തുനിന്ന ആ അക്ഷരങ്ങൾ പരസ്പരം കലപിലകൂട്ടി.അരുത് വിശ്വസിക്കരുത്. അത് ഗൗനിക്കാതെ അയാൾ മറ്റുകാര്യങ്ങളിൽ ശ്രദ്ധചെലുത്തി. കാരണം,'അയാളൊരു നിയമപാലകനാണല്ലോ.'

**മുഹമ്മദ് ജവാദ് .ടി. കെ**

**10th .B**

# <u>മാതൃത്വം</u>

ഓർമ്മകളുടെ നോവിനെ കളിത്തോ-
ണിയിലായി ഒഴുക്കിവിട്ട് നിരാശ
തൻ കൂടപിറപ്പായിക്കുളുടെ കുട്ടി-
യവൾ ജനൽചില്ലകളിൽ




കൈയ്യെ
ബന്ധിച്ചുതൻ നേത്രത്തിൽ നിന്നും
ഉറ്റിവീഴുന്ന കണ്ണുനീർ സാക്ഷിയാം.

മച്ചിപെണ്ണെന്ന കുത്തുവാക്കിതു
നിരന്തരമോടി മറയുന്ന തൻ ഹൃദയത്തോട്
ഹസ്തങ്ങൾ ചേർത്തുലവെച്ചവൾ മൊഴിഞ്ഞു.
കാലത്തിന്റെ സിന്ദൂരകുപ്പിയിനവൾ
നിരാശയുടെ കണ്ണുനീർ നിറച്ചുവെച്ചു
കാത്തിരിപ്പിൻ

**Fathima Shabnam MP**

Majida punnakkal 8 B







# <u>ഗ്രാമം</u>

കിളികൾതൻ മൊഴികളിൽ കരകവിഞ്ഞുവെൻ
മോഹങ്ങൾക്കുണർവേകി എന്നേയുണർത്തുന്ന നാദസ്വരം
ഭൂമിയെ അഴ  കുറ്റതാകുമീ ചിത്രശലഭങ്ങൾക്കു-
തങ്ങായി, ഒരു നുള്ള് അമൃതമേകി വാനുവോളം
ഇളം കാറ്റിലാടുമീ മനോഹരമാം പുഷ്പങ്ങൾ
മതിലുകൾക്കപ്പുറം സ്നേഹത്താൽ
പണിയുമീ കൊട്ടാരങ്ങൾക്കഴകായി
മാനവബന്ധങ്ങൾ കൈത്താങ്ങായി നിലനിൽപതു

കണ്ടുവെൻ മനാതിലേറെ നിറഞ്ഞു.
ഇളം കാറ്റിൽ, ഇളം വെയിലിൽ, എൻ പാദങ്ങൾ
പതിയെ നെല്ലിൻപാടങ്ങളിൽ ഇഴഞ്ഞീടുന്നു.
കരകവിഞ്ഞൊഴുകുമീ നദികളിൽ എൻ

സ്വപ്നങ്ങളും അഴകുറ്റതാകുന്നു.
ഒരു ചെറു ചാറ്റൽ മഴയിൽ
ഒഴുകീടുന്നു എൻ ഹൃദയ വിലാപങ്ങൾ
സ്നേഹബന്ധങ്ങൾ കൈപിടിച്ചുയർത്തുന്ന
പ്രകൃതിയെ പ്രണയിച്ചും, താങ്ങായി
നിലകൊള്ളുന്ന ഒരു നിലാവെളിച്ചമാണെൻ ഗ്രാമം.
പച്പ്പിൻ മനോഹാരിതയിൽ അതിരു
കവിയുമാ സുഗന്ധത്തിലും പുഞ്ചിരി വിടർത്തിയാടുന്ന
ദൈവത്തിൽ അനുഗ്രഹമാണെൻ കൊച്ചു ഗ്രാമം:

Shoukath ali
***9th B***



# Mother a candle

-

*she is candle light*
*glows from day to night*
*she removes darkness around us*
*hopping our goodness*


*as we glow we go tall*
*but she is one who go small*
*if derkness came, we become scary*
*she is there, so no need to worry*

*she is one who burn*
*and allow in to shine*
*if you want her to nicely glow*
*then you have to protect her from glow*

*she is the symbol of sacrifice*
*that is above any price*
*she gives lifes best lesson*
*that every man should listen*

*a strong wind toppled her to the ground*
*when no is around*
*breaking her pieces that vanishes her light*
*and there she lifeless in the cold night.*

**RISANA PK**
**9TH A**




# പദപ്രശ്നം

| | | | | | | | |
|---|---|---|---|---|---|---|---|
| 1)മേ | ഘം | 2)പ | പ്പ | ടം | | 4)ത | 7)കൊ |
| ടം | | 3)ക | രി | മ്പ് | | വ | തു |
| 5)ചേ | ന | | 6)കു | രു | മു | ള | ക് |
| മ്പി | | | | | | | |
| ല | | 8)ചെ | മ്പ | ര | ത്തി | പ്പൂ | വ് |
| 9)കു | ൺ | | | | | | |

| വലത്തോട്ട് | താഴോട്ട് |
|---|---|
| 1) കണ്ണില്ലെങ്കിലും കരയും | 1) ഒരു മലയാള മാസം |
| 2)ഞെട്ടില്ലാ വട്ടയില | 5)എനിക്ക് അമ്മ തന്ന ചേല നനച്ചിട്ടും നനയുന്നില്ല |
| 3)കൈയ്യിൽ വടി വായിൽ മധുരം | 4)അമ്മയ്ക്ക് വാലില്ല മക്കൾക്ക് വാലുണ്ട് |
| 5)അടിപാറ നടുവടി മീതെ കുട | 7) ജലജലന്തുവായി ജനിച്ച് ചോരകുടിക്കും യക്ഷിയായി മാറി |
| 6) ഉരുണ്ടുരുണ്ട കറുത്തുണ്ട,ഉണ്ണികളെ കരയ്ക്കാൻ മിടുക്കൻ | |
| 8) അച്ചടിക്കൊമ്പത്തൊരുകുടം ചോര | |





# പൂമ്പാറ്റ


എൻ മുറ്റത്തെ മുല്ലയിലുണ്ട്
വാർമഴവില്ലിൻ മേനിയോടെ...
ഏഴുനിറങ്ങൾ ചൂടിക്കൊണ്ടൊരു കുഞ്ഞിപ്പൂമ്പാറ്റ
പൂവിൽ നിന്നും തേൻ നുകർന്ന്
പാടിനടക്കും പൂമ്പാറ്റ...
എന്റെ മനസ്സിൽ നിറമേകാൻ
എന്റെ മനസ്സിൽ നൃത്തം ചെയ്യാൻ
എത്തും ഇവളൊരു കുശുമ്പിക്കാരിപ്പെണ്ണ്.....



**Ashina. M.K**
**9 G**








# TEARS OF A GIRL

My six years old daughter zoya

Comes to me to show her art
I was busy in my work
And did'nt mind her
I told her go to her bed
Her face shrinked with sadness
After some hours . I visited her bed
I saw her fast asleep
and tears comes my eyes

[ -NAZRIN- ]



*[What's make a dad?](#)*



*God took a strength of a mountain*
*the majesty of a tree*
*the warmth of a summer sun*
*the cam of a quiet sea*
*the generous of ages*
*the power of the eagle fight*
*the joy of the morning spring*
*the faith of a mustard seed*
*the patience of a internet*
*the depth of a family need*
*the god combined these qualities*
*when there was nothing more*
*he knew his masterpiece was complete*
*and so,he called it ......DAD*

# സ്കൂളിലെ കായികം

# 2018-19

*കഴിഞ്ഞ് പോയ വർഷത്തെപ്പോലെ ഒട്ടും പിറകിലല്ലായിരുന്നു ഈ അധ്യായന വർഷവും. നാദാപുരം സബ്ജില്ലാ ഗെയിംസ് വിഭാഗത്തിൽ ഓവറോൾ ചാമ്പ്യന്മാർ ഈ സ്കൂൾ തന്നെയായിരുന്നു.11 ഹൈസ്കൂളുകൾ തമ്മിലായുരുന്ന മൽസരങ്ങൾ .168 പോയിന്റുമായി S.I.H.S.S,148 പോയിന്റുമായി ഗവ:H.s.s വള്ളിയോട്,130 പോയിന്റുമായി ക്രസന്റ് H.S.S നമാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ.*

*തുടർന്ന് നടന്ന റവന്യൂജില്ലാ മൽസരത്തിൽ നമ്മുടെ സ്ഥാപനത്തിൽ നിന്ന്49 കായികതാരങ്ങളെ വിവിധ ഇനങ്ങളിൽ സബ്ജില്ലാ ടീമിൽ ഇടം നേടിയിട്ടുണ്ട്.*

*കണ്ണൂരിൽ നടന്ന സ്റ്റേറ്റ്സോണൽ മൽസരത്തിൽ നമ്മുടെ സ്കൂളിൽ നിന്ന്9 വിദ്യാർത്ഥികൾ റവന്യൂജില്ലാ ടീമുകളിൽ അവസരം ലഭിച്ചിട്ടുണ്ട്.*

*സബ്ജില്ലാ നീന്തൽ മൽസരത്തിലും നമ്മുടെ സ്ഥാപനം ഒട്ടും പിറകിലായിരുന്നില്ല,കരാട്ടെ, ജൂഡോ എന്നി മൽസരങ്ങളിൽ സബ്ജില്ല, ജില്ലാ ടിമുകളിൽ S.I.H.S.S ലെ വിദ്യാർത്ഥികളുടെ നിറഞ്ഞ സാനിധ്യം ഉണ്ടായിരുന്നു.*

*ഏതായാലും കഴിയാൻ പോകുന്ന ഈ അധ്യായന വർഷം നേട്ടങ്ങളുടെ (കായികാ മേഖലയിൽ) വർഷമായിരുന്നു. മേനേജ്മെന്റ്,പ്രധാനധ്യാപകന,പ്രിൻസിപ്പാൾ ,സഹപ്രവത്തകർ,വിദ്യാർത്ഥികൾ,നാട്ടുകാർ ഇവരുടെ സഹകരണമായിരുന്നു ഈ നേട്ടത്തിന്റ പിന്നിൽ എന്ന് പ്രത്യേകം സ്മരിക്കുന്നു. വരുന്ന 2019-20 അധ്യായന വർഷം ഇതിലും കൂടുതൽ നേട്ടങ്ങൾ കൊയ്യാൻ സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു*

*ജയ് ഹിന്ദ്......*

*അലി മാസ്റ്റർ (P.E.T)*

# ➡ വായനയെക്കുറിച്ച്

## <u>അവര്‍</u>

ഒരു പ്രഭുവിന്റെ രക്തത്തെക്കാള്‍ വിലകൂടിയതാണ് ഒരു പിച്ചക്കാരന്റെ പുസ്തകം

-ഷേക്സ്പിയര്‍

എനിക്കു ജീവിതത്തില്‍ വേണ്ട മൂന്നു സാധനങ്ങള്‍ -

പുസ്തകങ്ങള്‍, പുസ്തകങ്ങള്‍, പുസ്തകങ്ങള്‍

- ടോള്‍സ്റ്റോയ്

ഞാനൊരു സാമ്രാജ്യാധിപനായിരുന്നില്ലെങ്കില്‍ ഗ്രന്ഥശാലാ സൂക്ഷിപ്പുകാരനാവുമായിരുന്നു

-നെപ്പോളിയന്‍

നല്ല ഗ്രന്ഥശാല ഒരു സര്‍വകലാശാലയ്ക്ക്  സമമാണ്

-കാര്‍ലൈന്‍

പുസ്തകം ഒരു പലഹാരത്തേക്കാള്‍ പ്രിയപ്പെട്ടതാണ്

എം. ടി. വാസുദേവന്‍നായര്‍

# മാമ്പഴം ഒരോർമ്മ



വൈലോപ്പള്ളി കവിതകളിൽ ഏറ്റവും പ്രസിദ്ധമാണ് മാമ്പഴം. ഒരമ്മ മാമ്പഴക്കാലമാകുമ്പോൾ തന്റെ മരിച്ചുപോയ മകനെക്കുറിച്ച് ഓർക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. കേകാ വൃത്തത്തിൽ എഴുതിയ ഈ കവിത ആദ്യം പ്രസിദ്ധീകരിച്ചത് 1936 ലെ മാതൃഭൂമി ഓണപ്പതിപ്പിലാണ്. നാലു വയസ്സുള്ളപ്പോൾ മരിച്ച തന്റെ ഒരനുജന്റെ ഓർമ്മ കവിത എഴുതാൻ തനിക്ക് പ്രേരണയായെന്ന കവി വെളിപ്പെടുത്തിയിട്ടുണ്ട്. മലയാള കവിതയുടെ നവോത്ഥാന പ്രതീകമായി ഈ കവിതയെ മാരാർ വാഴ്ത്തിയിട്ടുണ്ട്. മാരാരുടെയും എം എൻ വിജയൻ മാഷുടെയും മാമ്പഴ നിരൂപണം പ്രസിദ്ധമാണ്.

വീട്ടുമുറ്റത്തെ തൈമാവിൽ നിന്ന് ആദ്യത്തെ മാമ്പഴം വീഴുന്നത് കാണുന്ന അമ്മ നാലു മാസം മുൻപ് ആ മാവ് പൂത്തു തുടങ്ങിയപ്പോൾ തന്റെ മകൻ ആ പൂങ്കുല പൊട്ടിച്ചെടുത്തതും താൻ ശകാരിച്ചതും ഓർക്കുന്നു. മാങ്കനിപെറുക്കാൻ താൻ വരുന്നില്ലെന്നു പറഞ്ഞു പൂങ്കുല വെറും മണ്ണിൽ എറിഞ്ഞു കളഞ്ഞ കുട്ടി മാമ്പഴക്കാലത്തിനു മുമ്പേ മരിച്ചുപോയി

തൈമാവിനടുത്തുതന്നെയായിരുന്നു കുഞ്ഞിന്റെ കൊച്ചു ശരീരം മറവു ചെയ്തിരുന്നതും. മാവിൽ നിന്നും വിണ ദുരിത ഫലം പോലുള്ള ആ മാമ്പഴം അമ്മ മകന്റെ കുഴിമാടത്തിൽ വെച്ച് അത് നുകരാൻ മകനെ ക്ഷണിക്കുന്നു. അമ്മയുടെ അനുനയ വാക്കുകൾ കേട്ട് കുട്ടിയുടെ പ്രാണൻ ചെറിയ കുളിർ കാറ്റായി വന്നു അമ്മയെ പുണർന്നു അവരുടെ നൈവേദ്യം സ്വീകരിക്കുന്നതായി കല്പിക്കുന്നതോടെ കവിത അവസാനിക്കുന്നു. വിദ്യാർത്ഥികളായ നാം വായിച്ചിരിക്കേണ്ട മികച്ച കവിതകളിൽ ഒന്നാണ് വൈലോപ്പള്ളിയുടെ മാമ്പഴം.

***ഉദയ് കെ. കെ IX D***

# ഞങ്ങളുടെ എട്ട് ഡി ക്ലാസ്

2018-19 അധ്യയന വർഷത്തെ എട്ട് ഡി ക്ലാസിൽ പതിനെട്ട് ആൺകുട്ടികളും പതിനാല് പെൺകുട്ടികളുമായി ആകെ 32 കുട്ടികളാണുള്ളത്. ക്ലാസ് തുടങ്ങിയ ദിനം തന്നെ ക്ലാസ് ലീഡറായി പി എം ജിനുമോനെയും ഡപ്യൂട്ടി ലീഡറായി ടി വി അശ്വനിയെയും തെരഞ്ഞെടുത്തു.ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്




**1 ക്ലാസ് പി.ടി.എ**

ഈ അധ്യയന വർഷം ഇതുവരെ മൂന്ന് ക്ലാസ് പിടിഎകൾ സംഘടിപ്പിക്കുകയുണ്ടായി. 2018 സെപ്തംബർ 6 ന് ചേർന്ന ആദ്യ പിടിഎ യോഗം ടി കെ ഖാലിദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ക്ലാസ്ടീച്ചർ ടി ബി മനാഫ്മാസ്റ്റർ അധ്യക്ഷത വഹിച്ചു. ക്ലാസ് പിടിഎ ചെയർപേഴ്സണായി സി പി ഷിജിനയെയും വൈസ് ചെയർമാനായി കെ ചന്ദ്രനെയും തെരഞ്ഞെടുത്തു.

ഡിസംബർ ഒന്നിന് നടന്ന ക്ലാസ് പി ടി എ യോഗം ചെയർപേഴ്സൺ സി പി ഷിജിനയുടെ അധ്യക്ഷതയിൽ എം ആയിഷടീച്ചർ ഉദ്ഘാടനം ചെയ്തു.സൈബർ ലോകത്തെ ചതിക്കുഴികൾ എന്ന വിഷയത്തെക്കുറിച്ച് രജീഷ് കടവത്തിന്റെ (സൈബർ സെൽ കേരള പോലീസ് ) പ്രഭാഷണത്തിന്റെ വീഡിയോ പ്രദർശനവും നടന്നു.

2019 ജനുവരി 15 ന് നടന്ന ക്ലാസ് പി ടി എ ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. ക്ലാസ് തല പ്രവർത്തനങ്ങളുടെ ഫോട്ടോകൾ ഉൾപ്പെടുത്തി സ്ലൈഡ് പ്രദർശനവും നടന്നു. മൂന്ന് പിടിഎ യോഗങ്ങളിലും ആദ്യ മൂന്ന് റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

**2. പ്രവചനമത്സരം**

ലോകമെങ്ങും ലോകകപ്പ് ഫുട്ബോളിന്റെ ആരവമുയർന്നപ്പോൾ എട്ട് ഡി ക്ലാസും അതിന്റെ ഭാഗമായി. 2018 ഫിഫ വേൾഡ് കപ്പ് ആരുനേടുമെന്ന പ്രവചന മത്സരത്തിൽ ക്ലാസിലെ മുഴുവൻ കുട്ടികളും പങ്കാളികളായി.ഫ്രാൻസ് ജേതാക്കളാകുമെന്ന് പ്രവചിച്ചവരിൽ നിന്നും നറുക്കെടുപ്പിലൂടെ മുഫ് ലിഹ മഹമൂദ് വിജയിയായി. നറുക്കെടുപ്പിന് സത്യൻമാസ്റ്റർ നീലിമ നേതൃത്വം നൽകി. വിജയികൾക്കുള്ള സമ്മാനദാനം എൻ കെ കുഞ്ഞബ്ദുള്ള മാസ്റ്റർ നിർവ്വഹിച്ചു.

## 3. ക്ലാസ് ലൈബ്രറി

ക്ലാസ് മുറികളിലെ വായനാ വസന്തം പരിപാടിയുടെ ഭാഗമായി രക്ഷിതാക്കളുടെ സഹായത്തോടെ എട്ട് ഡി ക്ലാസ്സിൽ സജ്ജീകരിച്ച ക്ലാസ് ലൈബ്രറി ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. ക്ലാസ്ടീച്ചർ അധ്യക്ഷത വഹിച്ചു.ഇ ഷമീർമാസ്റ്റർ, വി താജുമാസ്റ്റർ, പി എം ജിനമോൻ, ടി കെ ഷാമിൻ പ്രസംഗിച്ചു.കെ അസ്ലംമാസ്റ്റർ, മുഹമ്മദ് സിനാൻ എന്നിവർ ഗാനങ്ങളാലപിച്ചു.

## 4. പിറന്നാൾ ദിനത്തിൽ ഒരു പുസ്തകം

ലൈബ്രറി ശാക്തീകരണത്തിന്റെ ഭാഗമായി ക്ലാസിൽ ആവിഷ്കരിച്ച പ്രത്യേക പദ്ധതിയാണ് " പിറന്നാൾ ദിനത്തിൽ ഒരു പുസ്തകം" എന്ന പരിപാടി. ഓരോ കുട്ടിയും പിറന്നാൾദിനത്തിൽ ഒരു പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്ന ഈ പദ്ധതി വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത നോവൽ "പ്രേമലേഖനം"ക്ലാസ് ലൈബ്രറിയിലേക്ക് തന്റെ ജന്മദിനത്തിൽ നൽകി നിയ കെ തുടക്കം കുറിച്ചു. ക്ലാസ്ടീച്ചർ പുസ്തകം ഏറ്റുവാങ്ങി.

## 5. ഗുരുവന്ദനം

സെപ്റ്റംബർ 5 അധ്യാപകദിനം "ഗുരുവന്ദനം" എന്ന പേരിൽ ക്ലാസിൽ സംഘടിപ്പിക്കുകയുണ്ടായി. സ്വന്തമായി രൂപകല്പന ചെയ്ത ആശംസാ കാർഡ് ക്ലാസ്ടീച്ചർക്ക് നൽകി തീർത്ഥ ഇ കെ ഉദ്ഘാടനം ചെയ്തു. അധ്യാപകരായ താജുമാസ്റ്റർ, കെ കുഞ്ഞബ്ദുള്ളമാസ്റ്റർ, പ്രശാന്ത്മാസ്റ്റർ, സബീനടീച്ചർ, രഞ്ജിനിടീച്ചർ, ആമിനടീച്ചർ എന്നിവരെ കുട്ടികൾ സ്നേഹോപഹാരം നൽകി ആദരിച്ചു.











കോഴിക്കോട് റൂറൽ ജില്ലയിൽ വടകര സബ് ജില്ലയിലെ പ്രസ്തുത സ്കൂളായ എസ്.ഐ ഹയർ സെക്കണ്ടറിയിൽ ( KDR 422 ) സ്റ്റുഡന്റ് പോലീസ് കാഡറ്റ് യൂനിറ്റ് അനുവദിച്ച് കിട്ടിയത് 2014 - 15 അദ്ധ്യായന വർഷത്തിന്റെ അവസാനത്തിലാണ്.

രാജ്യത്തിന് അഭിനന്ദനവും അംഗീകാരവും ഏറ്റുവാങ്ങിയാണ് രാഷ്ട്രനിർമാണ പ്രക്രിയക്ക് ഊർജവും ആവേശവും പുതിയ പ്രവർത്തന മാതൃകകളും നൽകിയ സ്റ്റുഡൻറ് പൊലീസ് കേഡറ്റ് പദ്ധതി മുന്നോട്ട് യാത്രതുടരുകയാണ് . ഒരിക്കൽകൂടി നമ്മുടെ സംസ്ഥാനം രാഷ്ട്രത്തിന് മാതൃകയാവുന്ന പദ്ധതിയാണ് എസ്.പി.സി. കേരള പൊലീസിൻെറ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുകയും പൗരബോധവും പ്രതിബദ്ധതയുള്ള വിദ്യാർഥികളെ വാർത്തെടുക്കുന്നതിനുമാണ്.

കേരളത്തിൻെറ പൊതുസമൂഹത്തിൽ ഇന്ന് എസ്.പി.സി സജീവമാണ്. ഞങ്ങളുടെ സ്കൂളിലും ഈ പദ്ധതിയിലൂടെ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരവും വേറിട്ടതുമാണ്. ഹെൽമറ്റില്ലാതെയും സീറ്റ്ബെൽറ്റ് ധരിക്കാതെയും യാത്ര ചെയ്യുന്നവരെ കൈകാട്ടി നിർത്തി ബോധവത്കരണവും പ്രതിജ്ഞാകാർഡുകളും ശുഭയാത്രക്ക് റോസാപ്പൂക്കളും നിറഞ്ഞപുഞ്ചിരിയും നൽകുന്ന ഈ സന്നദ്ധ സംഘം ഇന്ന് നമ്മുടെ ഗ്രാമീണ-നഗര നിരത്തുകളിലും കവലകളിലും സജീവമാണ്.

ആഭ്യന്തര സുരക്ഷാരംഗത്ത് വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഈ പദ്ധതിയിൽ കുട്ടികൾ ആവേശത്തോടെയാണ് ചേരുന്നത്. നിയമത്തിൻെറ മാനുഷിക മുഖം എസ്.പി.സിയിലൂടെ കൂടുതൽ ജനകീയമാവുന്നു. ദൈവത്തിൻെറ സ്വന്തംനാടിൻെറ ഈ നന്മയുടെ കൂട്ടായ്മക്ക് പൊതുസമൂഹത്തിൻെറ ഉറച്ച പിന്തുണയാണ് ലഭിക്കുന്നത്. നിലവിൽ ഈ പദ്ധതി ദേശീയ തലത്തിൽ അംഗീകരിച്ചതോടെ കൂടുതൽ കരുത്താർജ്ജിക്കുകയാണ് .

ഞങ്ങളുടെ വിദ്യാലയത്തിൽ സേവനസന്നദ്ധതയുടെ പുതിയ മുഖമാണ് എസ്.പി.സി പദ്ധതി.



सत्यमेव जयते
SPC
WE LEARN TO SERVE



# Scouts and Guides



1.പ്രളയ ബാധിതർക്ക് സഹായം



2. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ വിതരണം





3. അധ്യാപക ദിനത്തിലെ ആദരവ്

# നീലൂഫർ

## ( അറബി സാഹിത്യ ക്ലബ്ബ് )

1. അറബിഭാഷ മാധ്യമമായി സ്വീകരിച്ചുകൊണ്ട് സ്കൂൾ അസംബ്ലി നടത്തി ദേശസ്നേഹം മതസൗഹാർദ്ദം മഹത് വചനങ്ങൾ ഉൾപ്പെടുത്തി പ്രഭാഷണങ്ങളും മറ്റു പരിപാടികളും സംഘടിപ്പിച്ചു.

2. ലോക അറബി ഭാഷ ദിനാചരണത്തിന് ഭാഗമായി കുട്ടികൾക്കായി പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.




3. വിശുദ്ധ ഖുർആൻ വിഷയമായി സ്വീകരിച്ച വിദ്യാർത്ഥികൾക്കായി ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചു.

4. ഈയിടെ കേരളത്തിൽ നടന്ന പ്രളയവുമായി ബന്ധപ്പെടുത്തി അറബി കവിതാരചന മത്സരം സംഘടിപ്പിച്ചു



# 'സിഡ്മാഗ്' പ്രകാശനം

## ( Presentation of 'Sidmag')

**എസ്.ഐ.ഹയർ സെക്കണ്ടറി സ്കൂൾ ഉമ്മത്തൂർ**

ലിറ്റിൽ കൈറ്റ്സ്

## 'Sidmag'

## സമ്പൂർണ്ണ ഡിജിറ്റൽ മാഗസിൻ പ്രകാശനം

**21/01/2019 തിങ്കൾ 2PM**

**സ്വാഗതം : ടി.കെ.ഖാലിദ് (Kite Master)**

**അദ്ധ്യക്ഷത : ശ്രീ. കെ.കെ.ഉസ്മാൻ (Headmaster)**

## പ്രകാശനം : ശ്രീ :അഹമ്മദ് പുന്നക്കൽ

**(ബഹു.ജില്ലാ പഞ്ചായത്ത് മെമ്പർ)**

**മാസിക പരിചയപ്പെടുത്തൽ : കെ.മുഹമ്മദ് അസ്ലം**

**ആശംസകൾ**

**എം.കെ.അഷ്റഫ്(Press Club Presidnt)**

**യു.സി.അബ്ദുൽ വാഹിദ് , കെ.രഞ്ജിനി**

**എൻ.കെ.കുഞ്ഞബ്ദുല്ല , കെ.സി.ബാബു.**

**സജില പി.കെ , അഭിനവ് ബി.കെ.**

**കൃതജ്ഞത**

**വി.പി.ഷീബ (Kite Mistress)**






# നീലൂഫർ

## ( അറബി സാഹിത്യ ക്ലബ്ബ് )

1. അറബിഭാഷ മാധ്യമമായി സ്വീകരിച്ചുകൊണ്ട് സ്കൂൾ അസംബ്ലി നടത്തി ദേശസ്നേഹം മതസൗഹാർദ്ദം മഹത് വചനങ്ങൾ ഉൾപ്പെടുത്തി പ്രഭാഷണങ്ങളും മറ്റു പരിപാടികളും സംഘടിപ്പിച്ചു.

2. ലോക അറബി ഭാഷ ദിനാചരണത്തിന് ഭാഗമായി കുട്ടികൾക്കായി പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.




3. വിശുദ്ധ ഖുർആൻ വിഷയമായി സ്വീകരിച്ച വിദ്യാർത്ഥികൾക്കായി ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചു.

4. ഈയിടെ കേരളത്തിൽ നടന്ന പ്രളയവുമായി ബന്ധപ്പെടുത്തി അറബി കവിതാരചന മത്സരം സംഘടിപ്പിച്ചു






# ക്ലാസ് റിപ്പോർട്ട്

ഞങ്ങളുടെ ക്ലാസിൽ 3 ക്ലാസ് സഭകൾ നടന്നു . പതിനെട്ട് ചാർട്ട് വർക്കുകൾ പല വിഷയങ്ങളിലായിട്ട് ചെയ്തു . ഞങ്ങളുടെ ക്ലാസിന്റെ വക ഗാന്ധിജയന്തി ദിവസം ഗാന്ധി പതിപ്പ് തയ്യാറാക്കി . ഞങ്ങളുടെ ക്ലാസിൽ ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട് എല്ലാകാര്യവും ചെയ്യാറുണ്ട്. ക്ലാസിലെ ഓരോ ആവശ്യങ്ങൾക്കും വേണ്ടി ധനകാര്യ മന്ത്രിയുടെ അടുത്ത്

എല്ലാദിവസവും ക്ലാസ് ഫണ്ട് നൽകാറുണ്ട് . ക്ലാസ് ലൈബ്രറി ഉദ്ഘാടനം കഴിഞ്ഞതോടെ ലൈബ്രറി വിതരണം തുടങ്ങുകയും എല്ലാവരും പുസ്തകങ്ങൾ വായിക്കുകയും ചെയ്യാറുണ്ട്. ക്ലാസിൽ അധ്യാപകർ ഇല്ലാത്ത സമയത്ത് വികൃതി കാട്ടുന്നവരുടെ പേര് എഴുതുന്ന ഡിസിപ്ലിൻ നോട്ട് ഉണ്ട്. ഇതിനെല്ലാം വേണ്ടി അതിന്റേതായ മന്ത്രിമാർ പരിശ്രമിക്കാറുമുണ്ട് .

ഞങ്ങളുടെ ക്ലാസ് എത്രമാത്രം മെച്ചപ്പെടണം എന്ന് ക്ലാസ് സഭയിൽ ചർച്ചചെയ്ത് നടപ്പിലാക്കാറുമുണ്ട്. അധ്യാപകർ ക്ലാസിൽ വരാതിരുന്നാൽ അവരെ വിളിച്ച് വരുത്താറുമുണ്ട്.

**8 എച്ച് ലെ കുട്ടുകാർ**



# ആട്ടക്കഥാസാഹിത്യം

കേരളത്തിലെ തനത് കലാരൂപമാണ് കഥകളി .ഈ ദൃശ്യകലയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. പതിനേഴാം നൂറ്റാണ്ടിലാണ് കഥകളിയുടെ ആവിർഭാവം. ചില നാടൻ കലാരൂപങ്ങളും ക്ലാസിക്കൽ നൃത്തരൂപങ്ങളും ഈ ദൃശ്യ കലയുടെ ആവിർഭാവത്തെ സഹായിച്ചിട്ടുണ്ട്. കർണ്ണാടകത്തിലെ യക്ഷഗാനം , തമിഴ്നാട്ടിലെ തെരുക്കുത്ത് കഥകൾ , മണിപ്പൂരി, ഭരതനാട്യം തുടങ്ങിയ ക്ലാസിക് നൃത്ത വിശേഷങ്ങൾ തെയ്യം, കൂത്ത്, കൂടിയാട്ടം പടയണി, തീയാട്ട് തുടങ്ങിയ കേരളീയ കലാരൂപങ്ങളും ഇതിൽ എടുത്ത് പറയേണ്ടതാണ്. ജയദേവരുടെ ഗീതാഗോവിന്ദത്തോടും ഇതിനു കടപ്പാടുണ്ട്. കഥകളിയിൽ നൃത്തവും നൃത്യവും നാട്യവും അടങ്ങിയിരിക്കുന്നു. . ഒരോ പദത്തിന്റെയും അർഥം കൈമുദ്ര കാണിച്ച അഭിനയിക്കുന്നു.

ഭരത മുനിയുടെ നാട്യ ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള മുദ്രകളാണ് കഥകളി സ്വീകരിച്ചിരിക്കുന്നത്. സോപാന രീതിയിലാണ് കഥകളിപ്പാട്ട് കേളി, അരങ്ങ്കേളി, തോടയം, വന്ദന ശ്ലോകം, പുറപ്പാട് , മേളപ്പദം എന്നിവയാണ് രംഗചടങ്ങുകൾ. കോട്ടയത്ത് തമ്പുരാന്റെ കാലത്താണ് കൃഷ്ണനാട്ടവും രാമനാട്ടവും കഥകളി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങുന്നത് . പതിനേഴാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. കഥകളിക്ക് സാഹിത്യ പദവി നൽകിയത് ഇദ്ദേഹമാണ്. എന്നാൽ പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച ഉണ്ണായി വാര്യരുടെ നളചരിതം ആട്ടകഥയാണ് ആട്ടക്കഥാസാഹിത്യത്തിലെ എറ്റവും ഉജ്വലമായ കൃതി. ആട്ടക്കഥാസാഹിത്യം സാമാന്യ ജനങ്ങളുടെ ജീവിതത്തിൽ നിന്നു അകന്നു നിൽക്കുന്നു. അതിനാൽ കഥകളി നൃൂനപക്ഷത്തിന്റെ കലയായി തീർന്നു . വള്ളത്തോളിന്റെയും മറ്റും പ്രോത്സാഹനത്തിൽ കലാമണ്ഡലം പ്രവർത്തനം ആരംഭിച്ചതോടെ കഥകളി ഏവർക്കും അഭ്യസിക്കാവുന്ന, ആസ്വദിക്കാവുന്നതായി തീർന്നു.......

ശ്രീലക്ഷ്മി X D.

# SAVE WATER!



THE LEAK TAP DRIPS DAY AND
NIGHT JUST FIX IT RIGHT
OR SHUT IT TIGHT ,
IT SEEMS THE EARTH WITH
WATER ABOUNDS BUT THINK,
IT'S EVERY DROP THAT COUNTS.

**ADITHYAN C.T.K**
**9 th D**



## ഓർമ്മകളിലൂടെ..........




















VP SHEEBA

Kite Mistress

Mob:9745187295

# നന്ദി പൂർവ്വം.........



കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ലോകത്തിന് മാതൃകയാകുന്ന ഈ ഘട്ടത്തിൽ 'SIDMAG' നിങ്ങളിലേക്ക് സമർപ്പിക്കുന്നു.

മലയാളം കമ്പ്യൂട്ടിംഗ്, ഗ്രാഫിക് ഡിസൈനിംഗ്, വേർഡ് പ്രോസസിംഗ്, തുടങ്ങിയ സങ്കേതങ്ങൾ കുട്ടികൾ ഇതിൽ പരമാവധി പ്രയോഗിച്ചിട്ടുണ്ട്.

വിവരവിജ്ഞാന മേഖലയിലേക്ക് പറന്നുയരുന്ന നമ്മുടെ കുട്ടികളെ അനുഗ്രഹിക്കൂ. അവർ സ്വായത്തമാക്കിയ വിജ്ഞാനം പരമാവധി ഇവിടെ പ്രയോജനപെടുത്തിയിട്ടുണ്ട്. പൂർണ്ണത അവകാശപെടുന്നില്ല. അഭിപ്രായങ്ങൾ നിർദ്ദേശങ്ങൾ തീർച്ചയായും ഞങ്ങളെ അറിയിക്കുക.




പ്രതീക്ഷയോടെ,

**V.P. Sheeba**

(Kite Mistress)